(ഇ)

വർഷം	നിർമ്മാണ പ്രവർത്തനം	വാഹനങ്ങൾ	കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ
2011-12	66,814	45,51,776	28,98,166
2012-13	44,10,006	62,58,259	40,07,281
2013-14	2,65,57,185	5,81,509	82,70,376
2014-15	1,62,17,106	28,32,609	70,81,077
2015-16	2,24,870	വാങ്ങിയിട്ടില്ല	46,03,680

പി.എസ്.സി.-യിൽ വാങ്ങിയ വിവിധ സാധനസാമഗ്രികൾ

11 (4338) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. 2011 മുതൽ 2015 വരെ ഓരോ വർഷവും പുതുതായി എത്ര കാറുകൾ ഉൾപ്പെടെ വാഹനങ്ങൾ, എൽ.ഇ.ഡി. ഉൾപ്പെടെ വിവിധയിനങ്ങളിലുള്ള ടെലിവിഷനുകൾ, കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ ഐപാഡുകൾ വാങ്ങിയിട്ടുണ്ട് ; ഏതു കമ്പനി സാധനങ്ങൾ എത്ര തുക വിലക്ക് വാങ്ങി എന്നും ഇതിനായി ഓരോ വർഷവും ചെലവായ തുക എത്ര എന്നും വ്യക്തമാക്കുമോ ;

(ബി) 2011 മുതൽ 2015 വരെ പി.എസ്.സി. ഉപയോഗിച്ചിരുന്ന ഏതെല്ലാം ഇനം വാഹനങ്ങൾ (പ്രവർത്തനക്ഷമമല്ലാത്തവ) ലേലം ചെയ്തു വിറ്റു എന്നും അതുവഴി ഓരോ വർഷവും ലഭിച്ച തുക എത്ര എന്നും വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ കാലയളവിൽ പി.എസ്.സി. വാങ്ങിയ വാഹനങ്ങൾ, എൽ.ഇ.ഡി. ഉൾപ്പെടെ വിവിധയിനം ടെലിവിഷനുകൾ, കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, ഐപാഡുകൾ എന്നിവയിൽ പി.എസ്.സി. ചെയർമാനും മെമ്പർമാരും അവരുടെ ഓഫീസുകളും ഉപയോഗിക്കുന്നവ സംബന്ധിച്ച വിശദമായ സ്റ്റേറ്റുമെന്റ് ലഭ്യമാക്കുമോ ;

(ഡി) പി.എസ്.സി.-യുടെ സാമ്പത്തിക കേന്ദ്ര/സംസ്ഥാന ഫണ്ട് വിനിയോഗം സംബന്ധിച്ച് സി ആന്റ് എ. ജി. ഓഡിറ്റുകളിൽ 2011 മുതൽ 2015 വരെ കണ്ടെത്തിയ ക്രമവിരുദ്ധ വിനിയോഗങ്ങൾ എന്ത് എന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2011 മുതൽ 2015 വരെ കണ്ടം/ലേലം ചെയ്ത വാഹനങ്ങളുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു :

വർഷം	വാഹനം	എണ്ണം	ലേലം ചെയ്ത തുക
2011	---	---	---
2012	അമ്പാസിഡർ കാർ	2	59,097
2013	---	---	---
2014	Force Traveller	1	88,319
	Force Traveller Goods Van	1	50,756
	Mahindra Bolero Jeep	1	1,68,818
2015	---	---	---

(സി) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി)

ക്രമ നമ്പർ	ഓഡിറ്റ് കാലയളവ്	AG-യുടെ കണ്ടെത്തലുകൾ	തടസ്സവാദം ഒഴിവാക്കിയിട്ടുണ്ടോ ഇല്ലയോ എന്ന വിവരം.
(1)	(2)	(3)	(4)
1	1-3-2009 മുതൽ 31-8-2011 വരെ	Part II B Para II Allotment of fund for in excess of actual requirements	Dropped on 23-1-2014
2	1-9-2011 മുതൽ 31-7-2012 വരെ	Part II B Para I സ്റ്റോർ പർച്ചേയ്സ് റൂൾ പാലിക്കാതെ 1.7 കോടി രൂപയുടെ പർച്ചേയ്സ് നടത്തിയത്	Not pursued further (as per AG's letter dt. 23-1-2014)
3	1-8-2012 മുതൽ 30-11-2013 വരെ	ഫണ്ട് വിനിയോഗം സംബന്ധിച്ച് തടസ്സവാദം AG ഉന്നയിച്ചിട്ടില്ല.	---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(1)	(2)	(3)	(4)
4	1-12-2013 മുതൽ 30-10-2014 വരെ	1. Part II B Para III work executed under 'Bill of cost'	6-5-2015-ന് A.G.യ്ക്ക് മറുപടി നൽകിയിട്ടുണ്ട്.
		2. Para IV Purchase of Computer - Variation in processing speed	2. Not pursued further (as per AG's letter dated 9-6-2015)

പി.എസ്.സി. റാങ്ക് ലിസ്റ്റുകളും നിയമനവും

12 (4339) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. എത്ര റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട് ; തസ്തിക തിരിച്ചുള്ള വിവരം നൽകുമോ ; ഓരോ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ 1-3-2015 വരെ നിയമിച്ചിട്ടുണ്ട് ; വകപ്പു തിരിച്ചുള്ള കണക്ക് നൽകുമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

ബി.എൽ.ഒ.-മാരുടെ പ്രതിഫലം

13 (4340) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) 2013 മുതൽ ബി.എൽ.ഒ.-മാരായി സേവനം അനുഷ്ഠിക്കുന്ന അംഗൻവാടി ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് ഇനിയും പ്രതിഫലം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കളർ ഐഡന്റിറ്റി കാർഡ് ഏർപ്പെടുത്തുന്ന പ്രവർത്തനത്തിൽ ഏർപ്പെട്ടതിന്റേതടക്കം ബി.എൽ.ഒ.-മാർക്ക് നൽകാനുള്ള പ്രതിഫലം ഉടൻ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷത്തെ എല്ലാ ആനുകൂല്യങ്ങളും ബി.എൽ.ഒ.-മാർക്ക് അനുവദിച്ചിട്ടുള്ളതാണ്. ബി.എൽ.ഒ.-മാരായി സേവനം അനുഷ്ഠിക്കുന്ന അംഗൻവാടി ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് 2014-15 സാമ്പത്തിക വർഷത്തിലെ പ്രതിഫലം നൽകുവാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ കാസർഗോഡ്, കോഴിക്കോട്, തിരുവനന്തപുരം എന്നീ മൂന്ന് ജില്ലകളിലെ ബി.എൽ.ഒ.-മാർക്ക് 2014-15, 2015-16 ബഡ്ജറ്റിലെ ഫണ്ട് ലഭ്യത അനുസരിച്ച് ബി.എൽ.ഒ. പ്രതിഫലം അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly